# കേരള സർവകലാശാല

നം.പി.ആർ.164/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
### എസ്.സി/എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 24–നും 26–നും.

2018–19–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും, തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിലും ജൂലൈ 26–ന് ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം മുളങ്കടകം യു.ഐ.റ്റി സെന്ററിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും ജൂലൈ 24–ന് ഹാജരാകേണ്ടതാണ്.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും അതത് കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ, ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (840/– രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 350/– രൂപയും ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 840/– രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക

ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018
## യു.ഐ.റ്റി/സ്വാശ്രയ കോളേജുകളിലെ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള യു.ഐ.റ്റി./സ്വാശ്രയ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ തങ്ങൾ ഓപ്ഷനായി (കോളേജും കോഴ്സും) നൽകിയിട്ടുള്ള യു.ഐ.റ്റി./സ്വാശ്രയ കോളേജുകളിൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് ജൂലൈ 21 മുതൽ ജൂലൈ 24-നകം സമർപ്പിക്കേണ്ടതാണ്. 24-ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് സർവകലാശാല റാങ്ക് പട്ടിക തയ്യാറാക്കും. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കോളേജുകളിൽ 31.07.2018 വരെ പ്രവേശനം നടക്കും. സർവകലാശാലയിലേക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല.

## സി.എൽ.ഐ.എസ്സ്.സി മേഴ്സി ചാൻസ് പരീക്ഷ

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (ഓൾഡ് സ്കീം) മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴ കൂടാതെ ആഗസ്റ്റ് 10 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 18 വരെയും 250 രൂപ പിഴയോടെ ആഗസ്റ്റ് 29 വരെയും അപേക്ഷിക്കാം. അപേക്ഷകർ മുമ്പ് എഴുതിയ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് കൂടെ സമർപ്പിയ്ക്കണം.

## പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ ബാച്ച്ലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) ആറാം സെമസ്റ്റർ റഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 മെയ് മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി, ഏപ്രിൽ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ.

മാർച്ച് 2018 ൽ നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 4 വരെ അപേക്ഷിക്കാം. വിശദമായ ഫലം വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ബോട്ടണി വിഭാഗത്തിലേയ്ക്ക് കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഫാം സൂപ്രണ്ട്, ക്യൂറേറ്റർ എന്നിവരെ നിയമിക്കുന്നു. വിശദമായ വിജ്ഞാപനത്തിന് വെബ്സൈറ്റ് സന്ദർശിക്കുക.

## ടൈംടേബിൾ

രണ്ടാം സെമസ്റ്റർ (ത്രിവത്സരം) & ആറാം സെമസ്റ്റർ (പഞ്ചവത്സരം) (2011 – 12 അഡ്മിഷന് മുൻപുള്ളത്) എൽ.എൽ.ബി പരീക്ഷകൾ ആഗസ്റ്റ് 8 ന് ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ പരീക്ഷ

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടെ ജൂലൈ 23 മുതൽ ആരംഭിക്കുന്ന പ്രാക്ടിക്കൽ പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്

ജൂലൈ 21 ന് വിദൂര വിദ്യാഭ്യാസ കേന്ദ്രം കൊല്ലം, പാളയം, കാര്യവട്ടം എന്നീ കേന്ദ്രങ്ങളിൽ സമ്പർക്ക ക്ലാസ് ഉണ്ടായിരിക്കുന്നതല്ല. ജൂലൈ 22 ലെ ക്ലാസിനു മാറ്റമില്ല.

## ഹാൾ ടിക്കറ്റ്

വിദൂര വിദ്യാഭ്യാസ വിഭാഗം ജൂലൈ 25 ന് ആരംഭിക്കുന്ന രണ്ടാം വർഷ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (എം.എച്ച്.എ) സപ്ലിമെന്ററി പരീക്ഷയുടെ ഹാൾ ടിക്കറ്റുകൾ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

## പരീക്ഷ

സി.എസ്.എസ് പഠനവകുപ്പുകളിൽ ജൂലൈ 18, 20 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 3 വെള്ളിയാഴ്ച രാവിലെ 9.30 നും ആഗസ്റ്റ് 6 തിങ്കളാഴ്ച രാവിലെ 10 മണിക്കും നടക്കുന്നതാണ്.

## എം.ബി.എ അഭിമുഖ പരീക്ഷ

എം.ബി.എ പ്രവേശനത്തിനായുള്ള മൂന്നാംഘട്ട സംഘചർച്ചയും അഭിമുഖവും ജൂലൈ 23,24 തീയതികളിൽ ഐ.എം.കെ കാര്യവട്ടത്തും ജൂലൈ 23 ന് യു.ഐ.എം അടൂരിലും ജൂലൈ 24 ന് യു.ഐ.എം ആലപ്പുഴയിലും നടക്കുന്നതാണ്. എം.ബി.എ (ഈവനിംഗ്) പ്രവേശനത്തിനായുള്ള അഭിമുഖം, സംഘചർച്ച എന്നിവ ജൂലൈ 25 ന് ഐ.എം.കെ കാര്യവട്ടത്ത് നടക്കുന്നതാണ്.

തിരുവനന്തപുരം.
20.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098